കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

*പ്രസിദ്ധീകരണത്തിന്*

തീയതി 29.06.2020

# പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികൾ വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്തു: - മന്ത്രി ജി.സുധാകരൻ

ലോകത്താകമാനം ദുരിതം വിതച്ച കോവിഡ്-19 മഹാമാരി മൂലമുണ്ടായ ലോക്ക്ഡൗൺ കാരണം സ്തംഭിച്ചിരുന്ന നിർമ്മാണ മേഖല പതുക്കെ പൂർവ്വ സ്ഥിതിയിലായിരിക്കുകയാണ്. നിർമ്മാണം നടക്കേണ്ടിയിരുന്ന വേനൽകാലത്തെ വിലപ്പെട്ട രണ്ടര മാസത്തോളം സമയമാണ് വകുപ്പിന് നഷ്ടമായത്. നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും, തൊഴിലാളിക്ഷാമവും പ്രതിസന്ധി രൂക്ഷമാക്കി. എന്നാൽ ഇതെല്ലാം തരണം ചെയ്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികളാണ് വകുപ്പിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി സംസ്ഥാനത്ത് ഒട്ടനവധി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സാധിച്ചു. ഇന്ന് വകുപ്പിലെ വിവിധ വിഭാഗങ്ങൾ മുഖേന പൂർത്തീകരിച്ച വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്തതായി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ മണ്ഡലത്തിലെ മാന്നാർ - കൊരട്ടിയമ്പലം - വിയ്യപുരം റോഡ്, കോയിക്കൽമുക്ക് - കുട്ടംപേരൂർ റോഡ്, മിത്രമഠം - പാലച്ചുവട് റോഡ്, കൊല്ലം ജില്ലയിലെ കുന്നത്തൂർ നിയോജക മണ്ഡലത്തിലെ നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കുന്നത്തൂർ - കാരൂർ കടവ് - കൊച്ചാഞ്ഞലിമൂട് റോഡ്, കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി - കടുങ്ങല്ലൂർ - ചാലിയപ്പുറം റോഡ്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിലെ തൃക്കുട്ടശ്ശേരി പാലം എന്നിവ മന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് നാടിനു സമർപ്പിച്ചു. മണ്ണാർക്കാട് മണ്ഡലത്തിലെ തോരാപുരം പാലം, നിലമ്പൂർ മണ്ഡലത്തിലെ കൈപ്പിനിക്കടവ് പാലം, വണ്ടൂർ - മഞ്ചേരി നിയോജക മണ്ഡലങ്ങളിലെ കാക്കത്തോട് പാലം എന്നിവയുടെ നിർമ്മാണോദ്ഘാടനവും മന്ത്രി ജി.സുധാകാരൻ നിർവ്വഹിച്ചു. കോവിഡ് പ്രോട്ടോകാൾ കർശനമായിപാലിച്ച് വീഡിയോ കോൺഫറൻസിലൂടെയാണ് ഉദ്ഘാടനങ്ങൾ നടത്തിയത്. ബന്ധപ്പെട്ട എം.എൽ.എമാരും, എം.പിമാരും ചടങ്ങിൽ അതാതു സ്ഥലത്ത് സംബന്ധിച്ചു. പ്രവൃത്തി നല്ല നിലയിൽ പൂർത്തീകരിക്കാൻ സഹായിച്ച ഉദ്യോഗസ്ഥരേയും, ജനപ്രതിനിധികളേയും യോഗത്തിൽ മന്ത്രി അഭിനന്ദിച്ചു.